നം. CEE/3321/2012/NEET (UG) 2013/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# <u>പത്രക്കുറിപ്പ്</u>

## കേരള എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം 2013: ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2013 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ടുമെന്റ് നടപടികൾ ജൂലൈ മാസം 22-ാം തീയതി ആരംഭിച്ചിരുന്നു. 6 സർക്കാർ മെഡിക്കൽ കോളേജുകൾ, **2** സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകൾ, **13** സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ, **3** സർക്കാർ ഡെന്റൽ കോളേജുകൾ, ഒരു സർക്കാർ നിയന്ത്രിത ഡെന്റൽ കോളേജ്, **14** സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഉൾപ്പെടുത്തിയിരുന്നത്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി 29.07.2013 ന് വൈകുന്നേരം 3 മണിക്ക് അവസാനിച്ചു. പ്രസ്തുത കാലയളവിൽ മൊത്തം 12466 വിദ്യാർത്ഥികൾ 290520 ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **ജൂലൈ 30 ന്** പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ് എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് പേജിൽ ലഭ്യമായിരിക്കും. ഈ അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് വിദ്യാർത്ഥി എടുക്കേണ്ടതും അഡ്മിഷൻ സമയത്ത് കോളേജ് അധികാരികളുടെ മുൻപിൽ ഹാജരാക്കേണ്ടതുമാണ്.

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **31.07.2013 മുതൽ 05.08.2013 വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT)** നിർദ്ദിഷ്ട ശാഖകളിലൊന്നിൽ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ കോഴ്സിനും നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ഒടുക്കേണ്ട തുകയും അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കേണ്ട ഫീസും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം - 1) MBBS/BDS ഒഴികെയുള്ള കോഴ്സുകളിൽ നിലവിൽ പ്രവേശനം നേടിയവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേർക്ക് അടച്ച തുക ഈ അലോട്ട്മെന്റിന്റെ ഫീസായി കണക്കാക്കുന്നതല്ല. അലോട്ടുമെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതായ അലോട്ടുമെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള തുക **SBT** ശാഖയിൽ അടച്ച് അലോട്ടുമെന്റ് ഉറപ്പാക്കേണ്ടതാണ്. SC/ST/OEC വിഭാഗത്തിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 1000/- രൂപ അടച്ച് അലോട്ടുമെന്റ് ഉറപ്പാക്കേണ്ടതാണ്. അലോട്ടുമെന്റ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ പ്രസ്തുത തുക ഈ വിദ്യാർത്ഥികൾക്ക് മടക്കി നൽകുന്നതായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും എല്ലാ സ്ട്രീമിലെയും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

ഇത്തരത്തിൽ ഫീസടച്ച് അലോട്ടുമെന്റ് ഉറപ്പാക്കിയ വിദ്യാർത്ഥികൾ ഒന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോ, ഡാറ്റാ ഷീറ്റ്, പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** പ്രകാരം ഉള്ള എല്ലാ അസൽ രേഖകളും സഹിതം ജൂലൈ 31 മുതൽ ആഗസ്റ്റ് 5 വരെയുള്ള ഏതെങ്കിലും ദിവസം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ജോയിൻ ചെയ്യേണ്ടതാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ അടക്കേണ്ടതായി കാണിച്ചിട്ടുള്ള ട്യൂഷൻ ഫീസിന്റെ ബാക്കി തുക കോളേജിൽ അടക്കേണ്ടതാണ്.

രണ്ടാം ഘട്ടത്തിൽ നടത്തുന്ന അലോട്ടുമെന്റിന് തൊട്ട് മുമ്പ് ലഭിച്ച അലോട്ട്മെന്റ് ആവശ്യമില്ലാത്ത വിദ്യാർത്ഥികൾക്ക് അലോട്ടുമെന്റ്/അഡ്മിഷൻ റദ്ദാക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതും അപ്രകാരം അലോട്ട്മെന്റ് റദ്ദാക്കുന്നവരുടെ ഫീസ് തിരിച്ച് നൽകുന്നതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ടുമെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
30.07.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**<u>അനുബന്ധം - 1</u>**

## ട്യൂഷൻ ഫീസ് ഘടന - MBBS/BDS കോഴ്സുകൾ

| **മെഡിക്കൽ കോഴ്സുകൾ** | **സർക്കാർ കോളേജുകൾ** | **സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ** | | **സ്വകാര്യ സ്വാശ്രയ കോളേജുകൾ** | **ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജുമെന്റ് ഫെഡറേഷനു കീഴിലുള്ള കോളേജുകൾ** | **Dr. സോമർവെൽ മെമ്മോറിയൽ CSI മെഡിക്കൽ കോളേജ്, കാരക്കോണം** |
|---|---|---|---|---|---|---|
| **എം.ബി.ബി.എസ്** | | | | | | |
| ട്യൂഷൻ ഫീസ് | 25000/- രൂപ | സർക്കാർ സീറ്റ് 1,50,000/-രൂപ | മാനേജ്മെന്റ് സീറ്റ് 6,00,000/- രൂപ | 1,65,000/-രൂപ | 4,00,000/-രൂപ | 4,00,000/-രൂപ |
| പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കേണ്ട തുക | 25000/- രൂപ | 1,50,000/-രൂപ | 6,00,000/- രൂപ | 1,65,000/-രൂപ | 1000/-രൂപ | 1000/-രൂപ |
| **ബി.ഡി.എസ്** | | | | | | |
| ട്യൂഷൻ ഫീസ് | 23000/- രൂപ | സർക്കാർ സീറ്റ് 1,20,000/-രൂപ | --- | 1,50,000/-രൂപ | 3,00,000/-രൂപ | -- |
| പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കേണ്ട തുക | 23000/- രൂപ | 1,20,000/-രൂപ | --- | 1,50,000/-രൂപ | 1000/-രൂപ | -- |